# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3261** **11-03-2025 - ൽ മറുപടിയ്ക്ക്**

### പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് 2025 ഫെബ്രുവരി 18 ന് തുടക്കമായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോട് കൂടിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു പ്രവർത്തനപദ്ധതി സംസ്ഥാനതലത്തിലുണ്ടാകും. സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ ജനകീയ സമിതികൾ രൂപീകരിക്കും.<br><br>അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തൽ, കുട്ടികൾ നേടേണ്ട പഠനശേഷികൾ നേടുന്നുവെന്ന് ഉറപ്പ് വരുത്തൽ, വിലയിരുത്തൽ രീതി കാര്യക്ഷമമാക്കൽ, നിർമ്മിത ബുദ്ധിയടക്കമുള്ള സാങ്കേതിക സൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, വകുപ്പിലെ വ്യത്യസ്ത ഏജൻസികളുടെ ഏകോപനം, വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ, അധ്യാപക രക്ഷാകർതൃ, സമൂഹ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ സംഘാടനം, എസ്.സി/എസ്.ടി ഭിന്നശേഷി കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിപാടികൾ, വിഷയാധിഷ്ഠിത പരിപാടികൾ തുടങ്ങിയ ഘടകങ്ങൾക്കാണ് പദ്ധതിയിൽ ഊന്നൽ നൽകുന്നത്.<br><br>സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2024-25 വർഷം വരെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു. |

1. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

2. സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസപദ്ധതി

3. അക്കാദമിക മികവ് വിദ്യാലയമികവ് എന്ന ആശയത്തിലൂന്നി സംസ്ഥാനത്തെ സ്കൂളുകളിൽ വിവിധ പഠനപോഷണ പരിപാടികൾ നടപ്പിലാക്കി. പ്രസ്തുത പരിപാടികളുടേയും നിരന്തര മോണിറ്ററിംഗിന്റേയും ഫലമായി സ്കൂളുകളിൽ അക്കാദമിക മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു.

4. പഠനോത്സവവും തുടർന്ന് സ്കൂൾ പ്രവേശനോത്സവവും വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിനും

5. പെൺകുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ

6. എസ്.സി, എസ്.ടി വിഭാഗം കുട്ടികൾക്കും വനമേഖലയിലും തീരദേശത്തും താമസിക്കുന്ന കുട്ടികൾക്കുമായുള്ള പ്രത്യേക പരിപാടികൾ.

7. ആർ.ടി.ഇ എൻടൈറ്റിൽമെന്റ്സ് (സൗജന്യപാഠപുസ്തകം, അർഹരായ കുട്ടികൾക്ക് രണ്ടു സെറ്റ് സൗജന്യ യൂണിഫോം, ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം)

8. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ്, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്.

9. പ്രീ-സ്കൂൾ ശാക്തീകരണം (വർണകൂടാരം, രക്ഷകർതൃ വിദ്യാഭ്യാസം, ശിശുസൗഹൃദപരമായ ഫർണിച്ചർ, പഠനബോധന സാമഗ്രികൾ, പുറം കളിയുപകരണങ്ങൾ, പ്രവർത്തനമൂലകൾ/ പ്രവർത്തനയിടങ്ങൾ സമ്പുഷ്ടമാക്കൽ, അധ്യാപകർക്കുള്ള അവധിക്കാല പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും സാങ്കേതിക വിദ്യാപിന്തുണാ പരിശീലനങ്ങളും, പ്രഥമാധ്യാപക പരിശീലനം, കലാ-ആരോഗ്യ കായിക പ്രവൃത്തി പരിചയ വിഷയങ്ങൾക്ക് പാഠപുസ്തകങ്ങളും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനവും.)

10. ഉൾച്ചേർക്കൽ വിദ്യാഭ്യാസം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം)

11. വർക്ക് എജ്യൂക്കേഷൻ (എക്സ്പോഷർ വിസിറ്റ്, ലൈഫ്, സ്കിൽ ഷെയർ, വിദഗ്ധരുമായുള്ള

| | | | |
|---|---|---|---|
| | | | സംവാദം, ശക്തി, സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ)<br><br>12. രക്ഷകർതൃവിദ്യാഭ്യാസം (SMC/PTA പരിശീലനം, പി.ഇ.സി./എം.ഇ.സി. ശാക്തീകരണം).<br><br>13. കരിയർ ഗൈഡൻസ് പ്രോഗ്രാമുകളും കൗൺസലിംഗ് പ്രോഗ്രാമുകളും<br><br>സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേൻമ മെച്ചപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രാധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സാങ്കേതികവിദ്യാ പഠനത്തിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളും ഹൈടെക് ആക്കി.<br><br>2 സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം ഉറപ്പുവരുത്താൻ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങളും അധ്യാപക പരിശീലനവും നൽകി.<br><br>3. ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലെ എല്ലാ പാഠഭാഗങ്ങൾക്കും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി 'സമഗ്രപ്ലസ് പോർട്ടൽ' മുഖേന അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സൗജന്യമായി ലഭ്യമാക്കുന്നു.<br><br>4. താല്പര്യവും അഭിരുചിയുമുള്ള സെക്കന്ററിതലം വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് 2220 സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ' ലിറ്റിൽകൈറ്റ്സ് ഐ.ടി ക്ലബുകൾ ആരംഭിച്ചു.<br><br>5. പഠനസമയം നഷ്ടപ്പെടാതെ അധ്യാപകർക്ക് (Massive Open Online Course) മാതൃകയിൽ KOOL (Kites Open Online Learning) കോഴ്സ് വിക്ടേഴ്സ് വിദ്യാഭ്യാസചാനൽ പ്രവർത്തിക്കുന്നു.<br><br>6. 24 മണിക്കൂറും വിദ്യാഭ്യാസ പരിപാടികൾ മാത്രം സംപ്രേക്ഷണം ചെയ്യുന്ന കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിക്കുന്നു.<br><br>7. പൊതുവിദ്യാഭ്യസ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയറുകളും |

| | | | |
|---|---|---|---|
| | | | പിന്തുണാ സംവിധാനവും ലഭ്യമാക്കുന്നു. |
| (ബി) | 2024-25 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അടങ്കൽ തുകയായി എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുകയുടെയും പദ്ധതികളുടെയും പുനക്രമീകരണത്തിന്റെ ഭാഗമായി എത്ര തുക വെട്ടിക്കുറച്ചുവെന്നും വ്യക്തമാക്കുമോ; പദ്ധതികൾ വെട്ടിക്കുറച്ചതും വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതും പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ എസ്.സി.ഇ.ആർ.ടിക്ക് അടങ്കൽ തുകയായി 21 കോടി രൂപ വകയിരുത്തിയിരുന്നു. വകയിരുത്തിയ തുകയുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി 50% വെട്ടിക്കുറച്ച് 10.5 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഗവേഷണം, നവാധ്യാപക പരിശീലനം ഉൾപ്പെടെയുള്ള പരിശീലനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയ പൊതുവിദ്യാഭ്യാസ ഗുണമേന്മ വർധിപ്പിക്കാനുതകുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ സമഗ്ര ശിക്ഷാ കേരളത്തിന് അടങ്കൽ തുകയായി 14 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പുനക്രമീകരണത്തിന്റെ ഭാഗമായി 7.5 കോടി രൂപയായി തുക കുറച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി 80,012 ലക്ഷം രൂപ (കേന്ദ്ര പദ്ധതികളുടെ സംസ്ഥാന വിഹിതം ഉൾപ്പടെ) വകയിരുത്തിയിരുന്നു.<br><br>മുൻഗണന അടിസ്ഥാനത്തിൽ തുക വകുപ്പിന് ചെലവഴിക്കാവുന്ന പദ്ധതി വിഹിതം പുന ക്രമീകരിച്ചത് കാരണം ചില പദ്ധതികളുടെ പൂർണ്ണമായ നടത്തിപ്പ് സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ ഗുണമേന്മയെ ഇത് ബാധിച്ചിട്ടില്ല. |
| (സി) | 2016-17 മുതൽ 2024-25 വരെയുള്ള അക്കാദമിക വർഷത്തിൽ ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം എൽ.പി., യു.പി. വിഭാഗം, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, സർക്കാർ സ്കൂൾ, സർക്കാർ എയ്ഡഡ് സ്കൂൾ, അൺ എയ്ഡഡ് സ്കൂൾ എന്നിങ്ങനെ അക്കാദമിക വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകരുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഇവയിൽ ഭിന്ന ശേഷി സംവരണം പൂർണ്ണമായി പാലിച്ചിട്ടുള്ള എയ്ഡഡ് സ്കൂളുകളിൽ എത്ര | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | അധ്യാപക നിയമനം സ്ഥിരപ്പെടുത്താനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | | |
| (എഫ്) | സംസ്ഥാനത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന സ്ഥിരം ബാച്ചുകളിൽ അംഗീകാരം ലഭിക്കാത്ത അധ്യാപക തസ്തികകൾ ഉണ്ടോ; എങ്കിൽ എത്ര തസ്തികകളുണ്ടെന്ന് വിഷയം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |
| (ജി) | സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറവായതിന്റെയോ ഇല്ലാതായതിന്റെയോ അടിസ്ഥാനത്തിൽ മലബാർ മേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്ത ഹയർ സെക്കണ്ടറി ബാച്ചുകളുടെ അധ്യാപക തസ്തികകളും അവിടേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ട്രാൻസ്ഫർ ചെയ്ത ബാച്ചുകളിലെ അധ്യാപക തസ്തികകൾ ഇപ്പോൾ പരിഗണിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (ജി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ